

## ടി.വി. അച്യുതവാരിയരുടെ പംക്തി

**തെരഞ്ഞെടുപ്പ് കാലത്ത് മുഖ്യധാരാ മാധ്യമങ്ങൾ നടത്തിയ വിക്രിയകളെ ജനം തള്ളിക്കളഞ്ഞെന്നും മറ്റെല്ലാവർക്കുമെന്ന പോലെ പത്രങ്ങൾക്കും നിക്ഷിപ്തതാല്പര്യങ്ങളുണ്ടെന്ന് പൊതുസമൂഹം തിരിച്ചറിഞ്ഞു തുടങ്ങിയെന്നും അച്യുതവാരിയർ വിലയിരുത്തുന്നു**

# മാധ്യമങ്ങളുടെ പരാജയം

കേരളത്തിലെ പഞ്ചായത്ത് തെരഞ്ഞെടുപ്പ് കേരളീയമായ മട്ടിൽ തന്നെ ഭംഗിയായി നടന്നു എന്നതിൽ ഓരോ മലയാളിക്കും അഭിമാനിക്കാം. ഇവിടെ ആരും ടെലിവിഷൻ സെറ്റ് വാഗ്ദാനം ചെയ്തില്ല; മുണ്ടും സാരിയും വാഗ്ദത്തം ചെയ്തില്ല. രാഷ്ട്രീയമായ തലത്തിൽ തന്നെ തിരഞ്ഞെടുപ്പ് നടന്നു. അല്പം ആക്ഷേപകരമായി പറയാമെങ്കിൽ, അത് വർഗ്ഗീയവും ജാതീയവുമായ ഇടപെടൽ അങ്ങിങ്ങുണ്ടായി എന്നതാണ്. ചില ഇടയന്മാർ ഇടയലേഖനം എഴുതിനോക്കി. ജാതീയ സംഘടനകളും അവരുടെ സാന്നിദ്ധ്യം അറിയിച്ചു. പക്ഷേ അതൊന്നും ആടുമാടുകളെ സ്വാധീനിച്ചിട്ടില്ലെന്ന് തിരഞ്ഞെടുപ്പ് ഫലം വ്യക്തമാക്കുന്നു. ഇവരുടെ ലേഖനങ്ങളും കവിതകളുമെല്ലാം ജനങ്ങളെ സ്വാധീനിച്ചിരുന്നുവെങ്കിൽ കേരളത്തിലെ രാഷ്ട്രീയ രംഗത്ത് ഒരു ഉരുൾ പൊട്ടൽ തന്നെ സംഭവിക്കുമായിരുന്നു.

കേരളത്തിലെ വോട്ടർമാർ പക്വത വന്നവരാണ്. ഓരോരുത്തർക്കും അവരവരുടേതായ വിശ്വാസപ്രമാണങ്ങളുണ്ട്; തനതായ ചായ്‌വും ചരിവുമുണ്ട്. ആരെന്തു പറയുന്നു എന്നതും കാണിക്കുന്നുവെന്നതും അവർക്കൊരു പ്രശ്നമല്ല. സ്വന്തം പാർട്ടിക്കാർ തന്നെ അരുതാത്തത് കാണിച്ചാലും അവരൊന്ന് കാർക്കിച്ച് തുപ്പി കടന്നുപോകുമെന്നേയുള്ളൂ. അടിയന്തിരാവസ്ഥയ്ക്ക് ശേഷം നടന്ന തിരഞ്ഞെടുപ്പിൽ നാം അത് കണ്ടതാണ്. ഉത്തരേന്ത്യയിലെ മഹാ ഭക്തന്മാർ പോലും ചൂലും മുറവുമെടുത്ത് എല്ലാറ്റിനേയും അടിച്ചുവാരി പുറത്തിട്ടപ്പോഴും കേരളത്തിൽ പ്രത്യേകിച്ചൊന്നും സംഭവിച്ചില്ല. അന്ന് തല്ലിയോടിച്ചവരെയെല്ലാം ഉത്തരേന്ത്യക്കാർ രണ്ട് കൊല്ലത്തിനകം ആനപ്പുറത്ത് കയറ്റി തിരിച്ച് എഴുന്നള്ളിച്ച് കൊണ്ടുവന്നപ്പോഴും കേരളീയർക്ക് പ്രത്യേകിച്ച് ചാഞ്ചാട്ടമൊന്നും ഉണ്ടായില്ല. മാന്യനായ ശ്രീ. അച്യുതമേനോനെ വാനപ്രസ്ഥത്തിന് നിർബന്ധനാക്കി എന്നതൊഴിച്ചാൽ കേരളത്തിൽ പ്രത്യേകിച്ചൊന്നും സംഭവിച്ചില്ല.

ഇടതുമുന്നണിയുടെ കഴിഞ്ഞ നാലുകൊല്ലത്തെ ഭരണാഭാസം വെച്ച് നോക്കിയാൽ, ഈ പഞ്ചായത്ത് തിരഞ്ഞെടുപ്പിൽ ഇടതുമുന്നണിക്ക് ഒരിടത്തും




**ജനങ്ങൾ രണ്ടുംകല്പിച്ച് ഇറങ്ങണം. പത്രങ്ങളെ ബഹിഷ്കരിക്കാനാവില്ലെങ്കിലും തിരഞ്ഞെടുപ്പ് കാലത്തെങ്കിലും മാധ്യമങ്ങളെ അവഗണിക്കണം. അത് പ്രായോഗികമാക്കണമെങ്കിൽ ജനങ്ങൾ ഉദ്ബുദ്ധരാകണം. അഥവാ ജനങ്ങളെ ഉദ്ബുദ്ധരാക്കണം.**

പത്തിലേറെ സീറ്റ് കിട്ടുമായിരുന്നില്ല. ഇന്നത്തെ ഇടതുമുന്നണി ഗവൺമെന്റിൽ ഭരണശേഷിയുള്ളവർ എത്ര പേരുണ്ട്? ഒരു വി. എസ്. അച്യുതാനന്ദനും, ഒരു ബിനോയ് വിശ്വവും കഴിച്ചാൽ ചീത്തപ്പേര്നേടാത്ത എത്ര മന്ത്രിമാർ ഇവിടെയുണ്ട്? സി. അച്യുതമേനോന്റെ കീഴിൽ ആഭ്യന്തര കാര്യ മന്ത്രിയായിരിക്കേ കെ. കരുണാകരൻ സമ്പാദിക്കാത്തത്ര ആക്ഷേപങ്ങളാണ് ഇന്നത്തെ ആഭ്യന്തരമന്ത്രി കൊടിയേരി സമ്പാദിച്ചു കൂട്ടുന്നത്. മഹാ അത്ഭുതങ്ങൾ തന്നെ കാണിക്കാൻ കഴിയുമായിരുന്ന വിദ്യാഭ്യാസ മന്ത്രി എന്തുകൊണ്ടിങ്ങനെ വിമർശനവിധേയനായി തീരുന്നു. ഭരണതലത്തിലെ കഥ ഇതൊക്കെയാണെങ്കിൽ, രാഷ്ട്രീയ തലത്തിലെ സ്ഥിതി എന്താണ്? നാവിന്മേൽ ഗുളികൻ കയറുക എന്ന് നാട്ടിൻപുറത്തൊരു ചൊല്ലുണ്ട്. നല്ലത് വിചാരിച്ചായാൽ പോലും പറയുന്നതൊക്കെ അപകടകരമായി തീരുക എന്നതാണ് ഇതിന്നർത്ഥം. ഭരണമുന്നണിയിലെ നേതാക്കന്മാരുടെ നാവിന്മേലാണ് ഗുളികന്റെ ഇപ്പോഴത്തെ സ്ഥിരതാമസം എന്ന് തോന്നുന്നു. അവരെന്ത് പറഞ്ഞാലും അതൊക്കെ അപകടരമായി ഭവിക്കുന്നതായിട്ടാണ് കാണുന്നത്.

വാസ്തവത്തിൽ കേളത്തിലെ ഇടതുമുന്നണിയുടെ സ്ഥിതി എത്രമാത്രം അസൂയാവഹമാണെന്നോ? ശേഷിയുള്ളൊരു പ്രതിപക്ഷം നിയമസഭയിലില്ല. ഏതെങ്കിലുമൊരു കാര്യം ശരിക്ക് പഠിച്ച് അവതരിപ്പിച്ച് ഭരണകക്ഷിയെ വെള്ളം കുടിപ്പിക്കാൻ കഴിവുള്ളവർ പ്രതിപക്ഷ ബഞ്ചുകളിൽ അപൂർവ്വമാണ്.

അങ്ങനെ അപൂർവ്വമായിട്ടാരെങ്കിലുമുണ്ടെങ്കിൽ, അവർക്ക് അവസരമൊട്ടു നല്കാറുമില്ല. പ്രതിപക്ഷത്തിന്റെ കയ്യിലുള്ള വജ്രായുധം വാക്കൗട്ടാണ്. കഴിഞ്ഞ നാലര കൊല്ലത്തിന്നിടയിൽ എത്രതവണ വാക്കൗട്ട് നടത്തി എന്നറിയാൻ ആരെങ്കിലും വിവരാവകാശ നിയമപ്രകാരം ഒരപേക്ഷ നൽകുന്നത് നല്ലതാണ്. ഈ വാക്കൗട്ടെല്ലാം ശംഖുമുഖം വരെയായിരുന്നുവെങ്കിൽ അത് പ്രതിപക്ഷക്കാരുടെ ആരോഗ്യസ്ഥിതിയെങ്കിലും മെച്ചപ്പെടുത്തുമായിരുന്നു. അതൊന്നും ഇവിടെയില്ല. പുറത്തേക്കിറങ്ങിയ വാതിലിൽ കൂടിത്തന്നെ പത്രക്കാരുടെ ഫോട്ടോ എടുക്കാൻ കഴിഞ്ഞാൽ, "വാക്ക് ഇൻ" നടത്തും.

നിയമസഭയിലെ സ്ഥിതി ഇതാണെങ്കിൽ, പുറത്തെ സ്ഥിതി ഇതിലും ദയനീയമാണ്. തിരഞ്ഞെടുപ്പ് എന്ന ഏർപ്പാട് ഒരു കക്ഷിയിലുമില്ല. ആര് എവിടെയെല്ലാം ഇരിക്കണമെന്ന് "ഹൈകമാൻഡ്" തീരുമാനിക്കും. നിയമസഭയിൽ ഒരംഗം പോലുമില്ലാത്ത ബി. ജെ. പിയിൽ പോലും അതാണ് സ്ഥിതി. ഏകാംഗപാർട്ടികളിൽ പ്രസിഡന്റും സെക്രട്ടറിയും നിയമസഭാകക്ഷിയുടെ നേതാവുമെല്ലാം ഒരാൾ തന്നെയാകുന്നത് സ്വാഭാവികം. കോൺഗ്രസ്സിനെപ്പോലെ സംഖ്യാബലമുള്ള പാർട്ടികളാണെങ്കിൽ ഓരോ നേതാവിനും ഓരോ ഗ്രൂപ്പുണ്ട്. ജനങ്ങൾ ഇതെല്ലാം കണ്ട് കൈകൊട്ടി ചിരിക്കുന്നുണ്ടെന്ന ബോധംപോലും ആർക്കുമില്ല.

ഇങ്ങനെയെല്ലാം വിദൂഷകവേഷമണിയുന്ന ഒരു പ്രതിപക്ഷത്തേയും വെച്ചുകൊണ്ടാണ് കേരളത്തിലെ ഇടതുമുന്നണി കഴിഞ്ഞ നാലര കൊല്ലമായി ഭരിക്കുന്നത്. അല്പം വകതിരിവുണ്ടായിരുന്നുവെങ്കിൽ, കേരളത്തിലെ ശാശ്വതഭരണ മുന്നണിയാകാൻ ഇടതുമുന്നണിക്ക് കഴിയുമായിരുന്നു. എന്ന് എല്ലാം തന്നെ കൃഷ്ണാർപ്പണം വയ്ക്കുകയാണ് അവർ ചെയ്തത്. എന്നിട്ടും പഞ്ചായത്ത് തിരഞ്ഞെടുപ്പിൽ ഇത്രയേറെ വോട്ടും സീറ്റും നേടാൻ ഇടതുമുന്നണിക്ക് കഴിഞ്ഞുവെങ്കിൽ അത് ജനങ്ങളുടെ വിവേകത്തെയല്ലാതെ മറ്റൊന്നുമല്ല കാണിക്കുന്നത്. പണ്ട് കാരണവന്മാർ ഇഷ്ടമല്ലാത്ത ഒരു കാര്യം ചെയ്യാൻ നിർബന്ധമായി ത്തീർന്നാൽ "നശിച്ചുപോകട്ടെ" എന്നും ശപിച്ചുകൊണ്ടാണ് അത് ചെയ്യാറുള്ളത്. ഈ പഞ്ചായത്ത് തിരഞ്ഞെടുപ്പിൽ ഇടതുമുന്നണിക്കാരായ വോട്ടർമാർ ചെയ്തതും മറ്റൊന്നുമല്ല.

ഇതിലെല്ലാം നമ്മുടെ മാധ്യമങ്ങൾ വഹിച്ച പങ്ക് എന്തായിരുന്നു? മാധ്യമങ്ങൾക്ക് താല്പര്യം കഥകളിലാണ്; കാര്യങ്ങളിലല്ല. ഇംഗ്ലീഷിൽ വാർത്ത

യ്ക്ക് story എന്നാണ് പറയുക; കഥ, കെട്ടുകഥ എന്നൊക്കെയാണ് സ്റ്റോറിക്കർത്ഥം. മലയാള മാധ്യമങ്ങൾ അത് അന്വർത്ഥമാക്കിയിരിക്കുന്നു. വാർത്ത കേൾക്കുകയോ വായിക്കുകയോ ചെയ്യുന്നതിനേക്കാൾ കഥ കേൾക്കാനും വായിക്കാനുമാണ് അവർക്ക് താല്പര്യം. പണ്ട് തകഴി, കേശവദേവ്, ഉറൂബ് തുടങ്ങിയവരുടെ കാര്യസമ്പുഷ്ടമായ കൃതികൾ വായിക്കുന്നതിനേക്കാൾ പൈങ്കിളി കഥകൾ വായിക്കുന്നതിന് യുവതലമുറയ്ക്കൊരു കമ്പമുണ്ടായിരുന്നു. അതുപോലെയാണ് ഇന്നത്തെ മാധ്യമങ്ങളുടേയും സ്ഥിതി. സത്യസന്ധമായ, കാര്യഗൗരവ പ്രധാനമായ വാർത്തകൾ അച്ചടിച്ചിറക്കുന്ന പത്രങ്ങൾ വായിക്കാൻ ഇന്നധികം ആരും ഉണ്ടാകില്ല. "കല്യാണിക്കുട്ടിയുടെ കൊലപാതകം" എന്ന് ഒന്നാംപേജ് നിറച്ചൊരു തലക്കെട്ട് വന്നാൽ, ആ കല്യാണിക്കുട്ടി ആരായാലും എവിടെയായാലും, ആളുകൾ ഇരുന്ന് വായിച്ചുപോകും. നേരെ മറിച്ച് "ആസാദിനെ കൊന്നു" വെന്നു കണ്ടാൽ വായനക്കാർ പേജ് മറിച്ച് പോകും. ആസാദ് ആരാണെന്നോ എന്തിനാണയാളെ കൊന്നത് എന്നോ ആരാണ് അതിന്നുത്തരവാദി എന്നോ, അന്വേഷിക്കാനൊന്നും ആർക്കും താല്പര്യമുണ്ടാകില്ല.

ജനങ്ങളുടെ ബോധമണ്ഡലത്തിനുണ്ടായ അപജയം മാധ്യമങ്ങളെ വല്ലാതെ ബാധിച്ചിരിക്കുന്നു. മാധ്യമങ്ങൾ പണ്ടത്തെപ്പോലെ ഇന്ന് ആദർശാധിഷ്ഠിതമല്ല. മറ്റേതൊരു ബിസിനസ്സിനേയും പോലെയുള്ള ഒരു ബിസിനസ്സാണിത്പണം വരാൻ കഴിഞ്ഞില്ലെങ്കിൽ ബിസിനെസ്സ് നിറുത്തേണ്ടി വരും. ഈയിടെ മഹാരാഷ്ട്രത്തിൽ നിയമസഭാ തിരഞ്ഞെടുപ്പു കാലത്ത്, സ്ഥാനാർത്ഥികൾ എഴുതിക്കൊടുക്കുന്നതെല്ലാം വാർത്തയായി അവതരിപ്പിക്കാൻ പത്രങ്ങൾ പരസ്യക്കൂലി വാങ്ങിയത് വലിയ കോളിളക്കം സൃഷ്ടിച്ചു. പത്രങ്ങൾ ചെയ്തത് അതിക്രമമാണെന്നും മാധ്യമ സദാചാരത്തിന്റെ ധ്വംസനമാണെന്നും എല്ലാവരും സമ്മതിച്ചു. പ്രശ്നം പ്രസ്സ് കൗൺസിൽ മുമ്പാകെ ഇലക്ഷൻ കമ്മീഷനു മുമ്പാകെയും അവതരിപ്പിക്കപ്പെട്ടുവെങ്കിലും ഇതിന് എന്താണ് ഒരു പരിഹാരം എന്ന് പറയാൻ ആർക്കും സാധിച്ചില്ല. ഇതിന് രണ്ട് പരിഹാര മാർഗ്ഗങ്ങളേയുള്ളു. (1) പത്രക്കാർ രണ്ടും കല്പിച്ചിറങ്ങണം. പണത്തിന് മീതെ പരുന്തും പറക്കില്ലെന്ന പഴഞ്ചൊല്ല് നൂറ് ശതമാനവും ശരിയാണെന്ന് കരുതുന്നവർക്ക് ഈ പോംവഴി സ്വീകാര്യമാകില്ല.

(2) ജനങ്ങൾ രണ്ടുംകല്പിച്ച് ഇറങ്ങണം. പത്രങ്ങളെ ബഹിഷ്കരിക്കാനാവില്ലെങ്കിലും തിരഞ്ഞെടുപ്പ് കാലത്തെങ്കിലും മാധ്യമങ്ങളെ അവഗണിക്കണം. അത് പ്രായോഗികമാക്കണമെങ്കിൽ ജനങ്ങൾ ഉദ്ബുദ്ധരാകണം. അഥവാ ജനങ്ങളെ ഉദ്ബുദ്ധരാക്കണം.

ഈ രണ്ടാമത് പറഞ്ഞപോംവഴിയാണ് കേരളത്തിൽ പഞ്ചായത്ത് തിരഞ്ഞെടുപ്പ് കാലത്ത് ജനങ്ങൾ സ്വീകരിച്ചത്. അവർ മാധ്യമങ്ങളെ പുച്ഛിച്ചു തള്ളി. പോളിങ് ബൂത്തിലെ സ്വന്തം വിവേകമനുസരിച്ച് വോട്ടു ചെയ്തു. തിരഞ്ഞെടുപ്പിൽ 75% വോട്ടർമാരും വോട്ടു ചെയ്തുവെന്നതിന്റെ അർത്ഥം ഇതാണ്. കേരളത്തിൽ 75% പോളിങ് എന്നുപറഞ്ഞാൽ വോട്ടർമാരെല്ലാം വോട്ടു ചെയ്തു എന്നാണർത്ഥം. കാരണം, കുറേപ്പേർ വിദേശത്താണ്; കുറേപ്പേർ മറ്റു സംസ്ഥാനങ്ങളിൽ പണിയെടുക്കുന്നവരാണ്. കുറേപ്പേർ ദൂരസ്ഥലങ്ങളിലാണ്. തിരുവനന്തപുരത്ത് ജോലി ചെയ്യുന്ന ഒരു കാസർകോട്ടുകാരൻ ഒരു വോട്ടുചെയ്യാൻ വേണ്ടി ഇത്രയും പണം ചെലവാക്കി നാട്ടിലെത്തുമെന്ന് കരുതിക്കൂടല്ലോ.നാട്ടിലങ്ങോളമിങ്ങോളമുള്ള ആശുപത്രികളിൽ അവശരായി കിടക്കുന്ന കുറേപേരുണ്ട്. ഇവരെയെല്ലാം ഒഴിവാക്കിയിട്ടും 75% പോളിങ്ങ് നടന്നുവെങ്കിൽ, അത് കേരളീയരുടെ രാഷ്ട്രീയ ഉദ്ബുദ്ധതയെയാണ് കാണിക്കുന്നത്.

നമ്മുടെ ഇലക്ട്രോണിക് മാധ്യമങ്ങളുടേയും അച്ചടി മാധ്യമങ്ങളും ഈ തെരഞ്ഞെടുപ്പ് കാലത്ത് എന്തെല്ലാം വിക്രിയകളാണ് കാണിച്ചിരുന്നത്. ചിലർ ഇവിടെ പട്ടാളത്തെ നിർത്തണമെന്ന് വരെ ആവശ്യപ്പെട്ടു. ഭാഗ്യം കൊണ്ട് തിരഞ്ഞെടുപ്പിന്റെ മേൽനോട്ടത്തിന് അമേരിക്കൻ പട്ടാളത്തെ കൊണ്ട് വരണമെന്ന് ആരും ആവശ്യപ്പെട്ടില്ല. അതിനും പുറമേ പോളിങ്ങ് അടുത്തതോടെ അടി - ഇടി - വെടി വാർത്തകൾ സുലഭമായി എവിടെയെങ്കിലും എന്തെങ്കിലും കുഴപ്പമുണ്ടെന്ന് കേട്ടാൽ തന്നെ സ്ത്രീകളെ നല്ല പുരുഷന്മാർ പോലും വാതിലടച്ച് അകത്തിരിക്കുന്ന ഒരു നാടാണെന്നത് ഓർക്കണം. ഏതായാലും, മാധ്യമങ്ങൾ സൃഷ്ടിച്ചുവിട്ട ഈ ഇമ്പാച്ചികളെയൊന്നും ആരും വിശ്വസിച്ചില്ലെന്നത് വ്യക്തം. അതുകൊണ്ടാണല്ലോ ഈ 75% പോളിങ്ങ് നടന്നത്.

ഇതൊരു നല്ല തുടക്കമാണ്. മാധ്യമങ്ങളെ അവിശ്വസിക്കാൻ പഠിക്കുക എന്നത് വലിയൊരു വിദ്യാഭ്യാസം തന്നെയാണ്. സ്കൂളിങ് അല്ല ഡി സ്കൂളിങ്ങ് ആണ് ഇന്നത്തെ ആവശ്യമെന്ന് ഒരു ജർമ്മൻ പണ്ഡിതൻ കുറെക്കാലം മുമ്പ് വാദിക്കുകയുണ്ടായി. ഇന്നത്തെ വിദ്യാഭ്യാസം മനുഷ്യരെ നശിപ്പിക്കുകയാണ് ചെയ്യുന്നത്. പഠിച്ചതിൽ നിന്നെല്ലാം മനുഷ്യനെ മോചിപ്പിക്കുകയാണാവശ്യമെന്നർത്ഥം. അതുപോലെ, പത്രത്തിലച്ചടിച്ചു വരുന്നതെല്ലാം വേദവാക്യമായി കരുതിയിരുന്ന ഒരു കാലമുണ്ടായിരുന്നു. എന്നാൽ ഇന്ന് അതല്ല സ്ഥിതി. മറ്റെല്ലാവർക്കുമെന്ന പോലെ പത്രങ്ങൾക്കും നിക്ഷിപ്തതാല്പര്യങ്ങളും മനസ്സിലാക്കി തുടങ്ങിയിരിക്കുന്നു. അതൊരു നല്ല പ്രവണതയാണ്.

കേരളത്തിൽ ആദർശാധിഷ്ഠിതമായി പ്രവർത്തിക്കുന്ന ഒട്ടേറെ ചെറിയ സംഘടനകളുണ്ട്. ഈ സംഘടനകൾക്ക് കൊച്ച് കൊച്ച് പ്രസിദ്ധീകരണങ്ങളുണ്ട്. സത്യത്തിനും നീതിക്കും ന്യായത്തിനും വേണ്ടി നിലകൊള്ളുന്ന ഇത്തരം പ്രസിദ്ധീകരണങ്ങളാണ് ജനങ്ങളുടെ യഥാർത്ഥ മാർഗ്ഗ ദർശികൾ. കേരളീയരെ ഉദ്ബുദ്ധരാക്കുന്ന ഇത്തരം പ്രസിദ്ധീകരണങ്ങളുടെ വിജയം കൂടിയാണ് ഈ പഞ്ചായത്ത് തിരഞ്ഞെടുപ്പ് ഫലം.

*ഗംഗോത്രി, പി.ആർ. പടി,*
*ഒല്ലൂർ, തൃശൂർ*

**കേരളീയം അറിയിപ്പ്**
സ്ഥലപരിമിതി മൂലം ചില പംക്തികളും പല മാറ്ററുകളും ഈ ലക്കത്തിൽ ചേർക്കാനായിട്ടില്ല